LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമം

224(2428) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാരക്കുറവു പരിഹരിക്കുന്നതിന് അമ്മമാർക്ക് 6 മാസവും കുഞ്ഞുങ്ങൾക്ക് ആദ്യത്തെ 6 മാസവും 1000 രൂപ നൽകുമെന്ന വാഗ്ദാനം ലക്ഷ്യമിട്ട തരത്തിൽ സാദ്ധ്യമായിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പദ്ധതിക്കായി ഓരോ വർഷവും മതിയായ തുക നീക്കിവയ്ക്കാൻ സാധിച്ചിട്ടുണ്ടോയെന്നും, നീക്കിവച്ച തുക പ്രസ്തുത ആവശ്യത്തിലേക്കായി ചെലവഴിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് (2013 ജൂൺ) ആരംഭിച്ച ജനനി-ജന്മരക്ഷാ പദ്ധതിക്കാവശ്യമായ തുക, ബഡ്ജറ്റിലൂടെയും നീ-അപ്രോപ്രിയേഷനിലൂടെയും അധിക സമാഹരണത്തിലൂടെയും ലഭ്യമാക്കി പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ ഉന്നമനം

225(2429) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുകയാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിനായി 'വിദ്യോദയം' എന്ന പേരിൽ നിരവധി പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത്തരം സ്കൂളുകളോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇത്തരം സ്കൂളുകളിൽ താമസിച്ച് മികച്ച വിദ്യാഭ്യാസം നേടുന്നതിനും അതുവഴി പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തുന്നതിനും അതുവഴി മഹത്തായ ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പട്ടികവർഗ്ഗ വികസന വകപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 19 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള കെട്ടിടം, ടോയ്ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ് വർക്ക്, സെക്യൂരിറ്റി റൂം, കഴൽക്കിണർ എന്നിവയുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ എന്നിവയും സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റെസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവിടങ്ങളിൽ താൽക്കാലിക കെട്ടിട സൗകര്യം ഏർപ്പെടുത്തൽ എന്നിവയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ ഹയർസെക്കണ്ടറി സ്കൂളുകൾക്കാവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നൽകി വരുന്നു. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പൊലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം എന്നീ പദ്ധതികളും 'സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly